بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 16.08.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

*യു.കെ.യിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ബനൂമുസ്ത്വലിഖ് യുദ്ധത്തിൽനിന്നുള്ള തിരിച്ചു വരവും ഹദ്റത്ത് ആയിശ(റ)യെ പറ്റിയുള്ള ദുരാരോപണവും

اَشۡهَدُ اَنۡ لَّااِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ ○ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡهِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَلَا الضَّآلِّیۡنَ ○

കഴിഞ്ഞ കുറച്ച് ഖുതുബകളിൽ ബനൂമുസ്ത്വലിഖ് യുദ്ധത്തെ കുറിച്ചാണ് പറഞ്ഞുവന്നിരുന്നത്. അതിന്റെ കൂടുതൽ വിശദീകരണങ്ങളിൽ പറയുന്നു: ബനൂമുസ്ത്വലിഖിൽനിന്ന് തിരിച്ചു വരുമ്പോൾ നബി(സ) നഖീഅ് എന്ന സ്ഥലത്ത് കൂടി വരികയുണ്ടായി. അവിടെ പുല്ലു നിറഞ്ഞ വലിയ പ്രദേശവും വലിയ ജലാശയവും കാണാൻ ഇടയായി. നബി(സ) അതിലെ വെള്ളത്തെക്കുറിച്ച് ആരാഞ്ഞപ്പോൾ പറഞ്ഞു: യാ റസൂലല്ലാഹ്! ചൂടുകാലം വരുമ്പോൾ അതിൽ വെള്ളം കുറയുന്നതാണ്, നബി കരീം(സ) ഹദ്റത്ത് ഹാതിബ് ബിൻ അബീ ബൽതഅയോട് അവിടെ ഒരു കിണർ കുഴിച്ചു ഒരു മേച്ചിൽപ്പുറം ഉണ്ടാക്കാൻ കല്പന നൽകി. ഹദ്റത്ത് ബിലാൽ ബിൻ ഹാരിസ് മുസ്നിയെ മേൽനോട്ടക്കാരൻ ആക്കുകയും ചെയ്തു. നബി(സ) പറഞ്ഞു: വെളുപ്പാൻ കാലത്ത് ഒരാളെ ഈ കുന്നിനു മുകളിൽ കയറ്റുക, അയാളുടെ ശബ്ദം എത്ര ദൂരം വരെ എത്തുന്നുണ്ടോ അവിടംവരെയും മുസ്ലിംകൾ ജിഹാദിന്‌വേണ്ടി യാത്ര ചെയ്യുന്ന ഒട്ടകങ്ങളുടെയും കുതിരകളുടെയും മേച്ചിൽപ്പുറം ആക്കുക. (വളരെ കുറഞ്ഞതോതിൽ ആടുമാടുകൾ വളർത്തുന്ന) നിസ്സഹായരായ സ്ത്രീപുരുഷന്മാർക്ക് അവിടെ മൃഗങ്ങളെ മേയ്ക്കാൻ നബി(സ) അനുവാദം നല്കി. ഈ മേച്ചിൽപ്പുറം ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉസ്മാൻ(റ.ഹും) എന്നിവരുടെ ഖിലാഫത്ത് കാലംവരെയും അങ്ങനെ തന്നെ നിലനിന്ന് പോന്നു. പിന്നെ കുതിരകളുടെയും ഒട്ടകങ്ങളുടെയും എണ്ണം വർധിച്ചപ്പോൾ വേറെ സ്ഥലം കണ്ടെത്തുകയുണ്ടായി.

റസൂലുല്ലാഹ്(സ), സഹാബാക്കളെ ഏത് സമയത്തും ഉന്മേഷഭരിതരും ജാഗരൂകരുമാക്കി നിലനിർത്തുന്നതിനുള്ള സംവിധാനവും ചെയ്തിരുന്നു. അവർക്കിടയിൽ ഇടയ്ക്കിടെ കായിക മത്സരങ്ങളും നടത്തിയിരുന്നു. ഈ മത്സരങ്ങളിൽ ധൈര്യം, തന്റേടം, വിശ്വാസപരവും ജിഹാദ് പരവുമായ തർബിയത്ത് എന്നീ കാര്യങ്ങൾക്ക് മുൻഗണന നൽകിയിരുന്നു. ഇത്തരം മത്സരങ്ങൾ കാരണം അവരുടെ നിശ്ചയദാർഢ്യവും സ്ഥൈര്യവും ധൈര്യവും ഒക്കെ നല്ലപോലെ വർധിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അങ്ങനെ ബനൂമുസ്ത്വലിഖിൽനിന്ന് തിരിച്ചു വരുമ്പോൾ നഖീഅ് എന്ന സ്ഥലത്ത് എത്തിയപ്പോൾ നബി(സ) സ്വഹാബാക്കൾക്കിടയിൽ കുതിരപ്പന്തയവും ഒട്ടകപ്പന്തയവും സംഘടിപ്പിച്ചു. തുരുനബി(സ)ന്റെ ഒട്ടകമായ ഖസ്വ എല്ലാ ഒട്ടകങ്ങളെയും പിന്തള്ളി ഏറ്റവും മുന്നിലെത്തി. തിരുനബി(സ)യുടെ ദ്വറബ് എന്ന കുതിരയും മറ്റ് കുതിരകളെ പിന്തള്ളി മുന്നിലെത്തി. ഈ സ്ഥലത്ത് തന്നെ നബി(സ) ഹദ്റത്ത് ആയിശയുമായി ഓട്ടപ്പന്തയം നടത്തി. നബി(സ) ഹദ്റത്ത് ആയിശയെ മറികടക്കുകയും ചെയ്തു. തുടർന്ന് നബി(സ) പറഞ്ഞു: ഒരിക്കൽ നീ എന്നെ മുൻകടന്നതിന്നു പകരമാണിത്. ഈ വാചകത്തിൽ നബി(സ) ഒരു മുൻസംഭവത്തെ സൂചിപ്പിക്കുന്നുണ്ട്. ഒരിക്കൽ നബി(സ) ഹദ്റത്ത് അബൂബക്കറിന്റെ വീട്ടിലേക്ക് പോവുകയുണ്ടായി. നബി(സ) ഹദ്റത്ത് ആയിശയുടെ കയ്യിൽ എന്തോ ഒരു സാധനം കണ്ടു. നബി(സ) അത് നോക്കാൻവേണ്ടി ചോദിച്ചപ്പോൾ അവർ കൊടുക്കാതെ അവിടെനിന്ന് ഓടിപ്പോവുകയും നബി(സ) അവരുടെ പിറകെ ഓടിയെങ്കിലും അവരെ പിടിക്കാൻ കഴിഞ്ഞില്ല. ഈ കാര്യങ്ങളെല്ലാം തിരുനബി(സ) തന്റെ വീടിനെ സന്തോഷഭരിതമായി നിലനിർത്താൻ ചെയ്ത കാര്യങ്ങൾ ആയിരുന്നു. എല്ലാ കാര്യത്തിനും നബി(സ)ന്റെ ഉത്തമമായ മാതൃക നമുക്ക് മുന്നിൽ ഉണ്ട്. ഇത് തങ്ങളുടെ ഭാര്യമാരോട് കാഠിന്യം പ്രവർത്തിക്കുന്നവർക്ക് ഉള്ള ഒരു മാതൃക കൂടിയാണ്.

ഇന്നത്തെ കാലത്തുള്ള ഇത്തരം ആളുകൾക്കുള്ള മാതൃക കൂടിയാണിത്. ഈ സൽപ്പെരുമാറ്റമാണ് ഇസ്‌ലാം സ്ത്രീകളോട് കാണിച്ചത്. അതിന്റെ മാതൃകയാണ് നബി(സ) സ്ഥാപിച്ചത്.

ഇതേ യാത്രയിലാണ് ഇഫ്ക് സംഭവത്തെക്കുറിച്ചും പരാമർശം ഉള്ളത്. അതിന്റെ വിശദീകരണം ഇപ്രകാരമാണ്. ബനൂ മുസ്ത്വലിഖിൽനിന്ന് തിരിച്ചുവരുമ്പോൾ മുനാഫിക്കീങ്ങൾ മറ്റൊരു ഫിത്ന കൂടി ഉയർത്തുകയുണ്ടായി. അത് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആയിശ(റ)ക്ക് മേലുള്ള ഒരു ദുരാരോപണം ആണ്. സ്വഹിഹ് ബുഖാരിയുടെ നിവേദനമനുസരിച്ച് ഈ സംഭവത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് ആയിശ(റ) പറയുന്നു: നബി(സ) ഏതെങ്കിലും യാത്രയ്ക്ക് തീരുമാനമെടുക്കുമ്പോൾ തന്റെ സഹധർമ്മിണിമാർക്കിടയിൽ നറുക്കെടുപ്പ് നടത്തുകയും നറുക്ക് വീഴുന്നവരെ കൂടെ കൊണ്ടുപോവുകയും ചെയ്തിരുന്നു. ഒരു യുദ്ധത്തിന് പോകുന്ന സമയത്ത് നബി(സ) ഞങ്ങൾക്കിടയിൽ നറുക്കെടുപ്പ് നടത്തി. അതിൽ എനിക്കാണ് നറുക്കു വീണത്. ഞാൻ നബി(സ)യുടെ കൂടെ പോവുകയുണ്ടായി. ആ സമയത്ത് പർദയുടെ കൽപ്പന ഇറങ്ങിയിട്ടുണ്ടായിരുന്നു. യാത്രയിൽ ഞാൻ പല്ലക്കിൽ ഇരിക്കും; ഈ പല്ലക്ക് ഒട്ടകപ്പുറത്ത് വെക്കുകയും തമ്പടിക്കുന്ന സ്ഥലത്ത് അത് ഇറക്കുകയും ചെയ്യും. ഈ യുദ്ധത്തിൽനിന്ന് തിരിച്ചു മദീനയിൽ എത്താറായപ്പോൾ നബി(സ) രാത്രി തിരിച്ചു പുറപ്പെടാൻ വിളംബരപ്പെടുത്തി. ഞാൻ പ്രാഥമിക കർത്തവ്യങ്ങൾക്കുവേണ്ടി പുറത്തേക്ക് പോയി. തിരിച്ച് എന്റെ വാഹന മൃഗത്തിന് അടുത്തെത്തി നെഞ്ചിൽ തൊട്ടു നോക്കിയപ്പോൾ എന്റെ മാല എവിടെയോ പൊട്ടി വീണതായി അനുഭവപ്പെട്ടു. ഞാൻ തിരിച്ചു വന്നു എന്റെ മാല തിരയാൻ തുടങ്ങി. എന്നെ പല്ലക്കിൽ കൊണ്ടുപോയിരുന്ന ആളുകൾ എന്റെ പല്ലക്ക് ഉയർത്തുകയും അതിനെ എന്റെ ഒട്ടകത്തിനുമേൽ വെക്കുകയും ചെയ്തു. ഞാൻ പല്ലക്കിൽ ഉണ്ട് എന്നാണ് അവർ കരുതിയത്. അവർ യാത്ര പുറപ്പെട്ടു. എനിക്കെന്റെ മാല കിട്ടുകയും താവളമടിച്ച സ്ഥലത്തേക്ക് ഞാൻ എത്തുകയും ചെയ്തു. അവിടെ ആരും ഉണ്ടായിരുന്നില്ല; എല്ലാവരും പോയിട്ടുണ്ടായിരുന്നു. ഞാൻ ആദ്യം ഉണ്ടായിരുന്ന താവളമടിച്ചിരുന്ന സ്ഥലത്തേക്ക് തന്നെ വന്നു. എന്നെ കാണാതാകുമ്പോൾ അവർ ഞാനുണ്ടായിരുന്ന സ്ഥലത്തേക്ക് തന്നെ തിരിച്ചു വരും എന്നാണ് ഞാൻ കരുതിയത്. ഇതിനിടയിൽ എനിക്ക് മയക്കം വരികയും ഞാൻ ഉറങ്ങിപ്പോകുകയും ചെയ്തു.

സഫ്‌വാൻ ബിൻ മുഅത്തലിന് സൈന്യത്തിന്റെ എന്തെങ്കിലും സാധനങ്ങൾ വീണു പോവുകയാണെങ്കിൽ അത് സ്വരൂപിക്കുന്നതിന്‌വേണ്ടി സൈന്യത്തിന്റെ പിന്നിൽ വരുന്നതിനുള്ള ഡ്യൂട്ടിയാണ് ഏൽപ്പിച്ചിരുന്നത്. എന്റെ താവളത്തിനടുത്ത് രാവിലെ എത്തിയപ്പോൾ അദ്ദേഹം എന്നെ തിരിച്ചറിഞ്ഞു. അദ്ദേഹം എന്നെ പർദയുടെ കല്പന വരുന്നതിനു മുമ്പേ കണ്ടിട്ടുണ്ടായിരുന്നതാണ്. അദ്ദേഹം ഇന്നാലില്ലാഹ് എന്ന് ചൊല്ലുന്നത് കേട്ട് ഞാൻ ഉണർന്നു. ഞാൻ എന്റെ തട്ടംകൊണ്ട് മുഖം മറച്ചു. അല്ലാഹുവാണെ, ഞങ്ങൾ ഒന്നുതന്നെ സംസാരിച്ചില്ല. ഞാൻ അദ്ദേഹത്തിന്റെ ഒട്ടകത്തിൽ യാത്ര പുറപ്പെട്ടു. അങ്ങനെ നട്ടുച്ച നേരത്ത് നല്ല ചൂടുള്ള സമയത്ത് ആളുകൾ തമ്പടിച്ച സ്ഥലത്തെത്തി. ദുരാരോപണം ഉന്നയിച്ചതിൽ വലിയ പങ്കു വഹിച്ചവർ ഏതായാലും നശിപ്പിക്കപ്പെട്ടു. അത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ആയിരുന്നു.

ഹദ്റത്ത് ആയിശ(റ) പറയുന്നു: യാത്ര കഴിഞ്ഞു മദീനയിൽ എത്തി ഞാൻ രോഗിണിയായി. ആ കള്ളക്കഥകളെക്കുറിച്ച് എനിക്ക് ഒന്നും തന്നെ അറിയില്ലായിരുന്നു. സാധാരണഗതിയിൽ അസുഖമാകുമ്പോൾ നബി(സ) കാണിച്ചിരുന്ന ഔദാര്യങ്ങൾ കാണിക്കുന്നില്ല എന്നത് മാത്രമാണ് എന്നെ അസ്വസ്ഥപ്പെടുത്തികൊണ്ടിരുന്നത്. നബി(സ) എന്റെ അടുക്കൽ വരികയും സലാം പറയുകയും എന്താണ് വിവരങ്ങൾ എന്ന് ചോദിക്കുകയും മാത്രമാണ് ചെയ്തിരുന്നത്. അതിനേക്കാൾ അധികം അടുപ്പമൊന്നും കാണിച്ചില്ല. ഈ കാര്യം എന്നെ വളരെ അസ്വസ്ഥയാക്കിക്കൊണ്ടിരുന്നു.

എനിക്ക് അല്പം സുഖമായി ഞാൻ ഉമ്മു മസ്തഹിനോടൊപ്പം പുറത്തേക്ക് പോയപ്പോൾ ആണ് ഈ കള്ളക്കഥകളെക്കുറിച്ച് എനിക്ക് അറിയാൻ സാധിച്ചത്. ഞാൻ വീട്ടിലേക്ക് തിരിച്ചു വന്നു. നബി(സ) എന്റെ അടുക്കൽ വന്നു, സലാം പറഞ്ഞു, ഞാൻ നബി(സ)യോട് എനിക്ക് എന്റെ മാതാപിതാക്കളുടെ അടുത്തേക്ക് പോകാൻ അനുമതി ചോദിച്ചു. നബി(സ) എനിക്ക് അനുമതി നൽകി. ഞാൻ വീട്ടിലെത്തി എന്റെ ഉമ്മയോട് പറഞ്ഞു: ഉമ്മാ, ആളുകൾ എന്തെല്ലാമാണ് പറയുന്നത്? അവർ പറഞ്ഞു: പ്രിയപ്പെട്ട മോളേ! ധൈര്യം വെടിയരുത്, ഹദ്റത്ത് അബൂബക്കർ(റ) എന്റെ ശബ്ദം കേട്ടപ്പോൾ പറഞ്ഞു: എന്റെ പ്രിയ മോളേ! അല്ലാഹുവാണെ, നീ നിന്റെ വീട്ടിലേക്ക് തന്നെ തിരിച്ചു പോകുക. ഞാൻ തിരിച്ചു പോയി. നേരം വെളുക്കും വരെ രാത്രി മുഴുവനും കരഞ്ഞുകൊണ്ടിരുന്നു.

തിരുനബി(സ), ഹദ്റത്ത് അലിയ്യ് ബിൻ അബീ ത്വാലിബിനെയും ഹദ്റത്ത് ഉസാമ ബിൻ സൈദിനെയും(റ) വിളിപ്പിച്ചു ഹദ്റത്ത് ആയിശ(റ)യെ ഒഴിവാക്കുന്നത് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞു. ഉസാമ പറയുകയുണ്ടായി: അവർ അങ്ങയുടെ സഹധർമ്മിണി ആണ്; ഞങ്ങൾ അവരിൽ നന്മയല്ലാതെ മറ്റൊന്നും കണ്ടിട്ടില്ല. അത് തികച്ചും കളവും അടിസ്ഥാന രഹിതവുമാണ്. എന്നാൽ ഹദ്റത്ത് അലി(റ) പറഞ്ഞു: യാ റസൂലല്ലാഹ്! അല്ലാഹു അങ്ങേക്ക് ഞെരുക്കം വെച്ചിട്ടില്ല. അവരെ കൂടാതെ വേറെയും സ്ത്രീകൾ ഉണ്ട്. അങ്ങയുടെ വേലക്കാരിയോട് ചോദിച്ചാൽ അവൾ സത്യം പറയുന്നതാണ്. നബി(സ) വേലക്കാരിയെ വിളിച്ചു ചോദിച്ചു. അവർ പറഞ്ഞു: അങ്ങയെ സത്യവുമായി അയച്ച നാഥനാണ് സത്യം, ഞാൻ അവരിൽ ഒരിക്കലും ഒരു ന്യൂനതയും കണ്ടിട്ടില്ല.

നബി(സ) അതേ ദിവസം തന്നെ മിമ്പറിൽ എണീറ്റ് നിന്ന് അബ്ദുല്ലാഹ് ബിൻ ഉബയ്യുമായി തന്റെ ബന്ധം വിച്ഛേദിക്കുന്നതായി പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞു: അല്ലയോ മുസ്ലിം സമൂഹമേ! എന്റെ വീട്ടുകാരെ സംബന്ധിച്ച് എന്നെ പ്രയാസത്തിൽ ആക്കിയ വ്യക്തിയിൽനിന്ന് നിങ്ങൾ ആരാണ് എന്നെ സഹായിക്കുക? അല്ലാഹുവാണെ, ഞാൻ എന്റെ കുടുംബത്തിൽ നന്മ മാത്രമേ കണ്ടിട്ടുള്ളൂ. ഹദ്റത്ത് സഅദ് ബിൻ മആദ്(റ) എഴുന്നേറ്റു പറഞ്ഞു: ഞാൻ അങ്ങയെ സംരക്ഷിക്കുന്നതാണ്. അയാൾ ഔസ് ഗോത്രത്തിൽ നിന്നാണെങ്കിൽ ഞാൻ അയാളുടെ തല കൊയ്യുന്നതാണ്. അഥവാ ഖസ്റജിൽ നിന്നാണെങ്കിൽ അങ്ങ് കൽപ്പന നൽകിയാൽ അതനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നതാണ്. ഖസ്റജിൽനിന്ന് ഉള്ള സഅദ് ബിൻ ഉബാദ എഴുന്നേറ്റു സഅദിനോട് പറഞ്ഞു: അല്ലാഹുവാണെ, അയാളെ നിങ്ങൾക്ക് കൊല്ലാൻ കഴിയുന്നതല്ല. ഔസ്, ഖസ്റജ് ഗോത്രങ്ങൾ പരസ്പരം പോരടിക്കുംവിധം ഇളകിവശായി. തിരുനബി(സ) അവരെ പിന്തിരിപ്പിച്ചുകൊണ്ടിരുന്നു. നബി കരീം(സ) മൗനം ദീക്ഷിച്ചുകൊണ്ട് അവിടെ നിന്ന് പോകുകയുണ്ടായി.

ഹദ്റത്ത് ആയിശ(റ) പറയുന്നു: ആ ദിവസം എന്റെ കണ്ണീർ തോരുന്നുണ്ടായിരുന്നില്ല. എനിക്ക് ഉറക്കം വന്നില്ല. അതേ അവസ്ഥയിൽ നബി(സ) എന്റെ അടുക്കൽ വന്നു, സലാം ചൊല്ലിയിട്ട് പറഞ്ഞു. ആയിശാ, നിന്നെ സംബന്ധിച്ച് എനിക്ക് ഇന്ന ഇന്ന കാര്യങ്ങൾ കേൾക്കാൻ കഴിഞ്ഞിരിക്കുന്നു. നീ നിരപരാധി ആണെങ്കിൽ തീർച്ചയായും അല്ലാഹു നിന്റെ നിരപരാധിത്വം തെളിയിക്കും. നിന്നിൽനിന്ന് വല്ല ഇടർച്ചയും ഉണ്ടായിട്ടുണ്ടെങ്കിൽ അല്ലാഹുവിനോട് ഇസ്തിഗ്ഫാർ ചെയ്യുക (പാപപ്പൊറുതി തേടുക.) കാരണം ദാസൻ തന്റെ തെറ്റ് ഏറ്റു പറഞ്ഞ് പശ്ചാത്തപിക്കുകയാണ് എങ്കിൽ അവൻ കാരുണ്യപൂർവം ദാസനിലേക്ക് തിരിയുന്നതാണ്. ഞാൻ എന്റെ മാതാപിതാക്കളോട് എനിക്കുവേണ്ടി മറുപടി പറയാൻ പറഞ്ഞു. അവർ പറഞ്ഞു: എന്തു പറയണമെന്ന് ഞങ്ങൾക്ക് അറിയുന്നില്ല. പിന്നെ ഞാൻ തന്നെ പറഞ്ഞു: ഞാൻ നിങ്ങൾക്കും എനിക്കും യൂസുഫിന്റെ പിതാവിന്റെ ഉദാഹരണമല്ലാതെ മറ്റൊന്നും കാണുന്നില്ല. അദ്ദേഹം പറയുകയുണ്ടായി,

فَصَبْرٌ جَمِيلٌ ۖ وَاللَّهُ الْمُسْتَعَانُ عَلَىٰ مَا تَصِفُونَ

അതായത് നല്ലപോലെ ക്ഷമിക്കുകയാണ് എനിക്ക് ഉചിതം. അവർ പറയുന്നതിൽ നിന്ന് അതിന്റെ നിജസ്ഥിതിക്ക്വേണ്ടി അല്ലാഹുവിനോട് മാത്രമേ സഹായം ചോദിക്കാൻ കഴിയുകയുള്ളൂ. അവനോട് സഹായം ചോദിക്കപ്പെടുന്നതാണ്. (കിടന്ന സ്ഥലത്തുനിന്ന്) തിരുനബി(സ) എഴുന്നേറ്റിട്ടുണ്ടായിരുന്നില്ല. തിരുനബി(സ)ക്ക് വഹ്യ് ഇറങ്ങിത്തുടങ്ങി. ആ അവസ്ഥക്കുശേഷം തിരുനബി(സ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു; ആയിശാ! അല്ലാഹു നിന്റെ നിരപരാധിത്വം വെളിപ്പെടുത്തിയിരിക്കുന്നു.

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്, (ആരോപണം ഉന്നയിച്ചവരിൽ ഉണ്ടായിരുന്ന) മസ്തഹ് ബിൻ അസാസക്ക് ദാരിദ്ര്യം കാരണം ചെലവിന് കൊടുത്തുകൊണ്ടിരുന്നു. അല്ലാഹു എന്റെ നിരപരാധിത്വം വെളിപ്പെടുത്തിയപ്പോൾ അബൂബക്കർ അദ്ദേഹത്തിന് ചെലവിനു കൊടുക്കുന്നതല്ല എന്ന് സത്യം ചെയ്തു. ഇപ്രകാരം ചെയ്യുന്നത് അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യമല്ല എന്ന് അപ്പോൾ അല്ലാഹു വഹ്യ് ഇറക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവാണെ, അല്ലാഹു എന്റെ തിന്മകൾ മറച്ച് വെക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. മസ്തഹിനു ചെലവിന് കൊടുക്കുന്നതിൽനിന്ന് ഒരിക്കലും ഞാൻ പിന്മാറുന്നതല്ല. (ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.)

ഇന്ന് വീണ്ടും ഞാൻ ദുആക്ക് വേണ്ടി ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ബംഗ്ലാദേശിലെ അഹ്മദികൾക്ക്വേണ്ടി ദുആ ചെയ്യുക. അല്ലാഹു അവരുടെ അവസ്ഥകൾ എത്രയും പെട്ടെന്ന് നന്നാക്കിതീർക്കുമാറാകട്ടെ. പാക്കിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക.

അല്ലാഹു അവരുടെയും അവസ്ഥകൾ നന്നാക്കുമാറാകട്ടെ. ഫലസ്തീനിലെ നിരപരാധികൾക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് മേൽ കരുണ ചൊരിയട്ടെ. മുസ്‌ലിം രാഷ്ട്രങ്ങൾക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരുടെ നേതാക്കന്മാർക്ക് വിവേകം നൽകട്ടെ. സാധാരണക്കാരുടെ അവകാശങ്ങൾ നൽകാൻ അവർക്ക് കഴിയട്ടെ. (അവരുടെമേൽ) ദ്രോഹം ചെയ്യാതിരിക്കട്ടെ. കാരണം അവരുടെ ദ്രോഹം നിമിത്തമാണ് ശത്രുക്കൾക്കും മുസ്‌ലിംകൾക്ക്മേൽ ദ്രോഹം ചെയ്യാൻ ധൈര്യം ഉണ്ടാകുന്നത്. ഇവർ സ്വയം അവകാശങ്ങൾ കൊടുക്കുന്നില്ല പിന്നെ നമ്മളോട് എങ്ങനെയാണ് അവകാശങ്ങൾ ചോദിക്കുക എന്നും അവർ ധരിക്കുന്നു. അല്ലാഹു മുസ്‌ലിം സമുദായത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 16.08.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516